നോട്ടീസ് കൊടുക്കാതെയുള്ള പിരിച്ചുവിടൽ, ദേശീയ ഉത്സവ അവധികൾ നൽകാതിരിക്കുക, അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് നിയമാനുസൃതമായി നൽകേണ്ട കോമ്പൻസേറ്ററി ഹോളിഡേയും വേതനവും നിഷേധിക്കുക മുതലായ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും നിയമലംഘനം നടത്തിയ സ്ഥാപന ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

ഇ. പി. എഫ് പെൻഷൻകാർ

214 (4500) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇ.പി.എഫ്. പെൻഷൻകാർ ഉണ്ട്;

(ബി) ഇ.പി.എഫ്. പെൻഷൻകാരെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 3,17,991 പേർ (30/11/14-ലെ കണക്കു പ്രകാരം).

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ഐ. ടി. ഐ. കളെ അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി

215 (4501) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഐ.കളെ അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം ഐ.റ്റി.ഐ.കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആയതു സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതിനായി പ്രസ്തുത ഐ.റ്റി.ഐ.കളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചാക്ക ഐ.ടി.ഐ. കോഴിക്കോട് (വനിത) ഐ.ടി.ഐ. എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട്, ടെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. എന്നാൽ ചാക്ക, ചെങ്ങന്നൂർ, തേവലക്കര, കണ്ണൂർ എന്നീ ഐ.ടി.ഐ. കളിലെ നിലവിലുള്ള ട്രേഡുകളുടെ നിലവാരമുയർത്തൽ/ അന്താരാഷ്ട്ര നിലവാരമുയർത്തൽ എന്ന ലക്ഷ്യത്തോടെ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ലഭ്യമാക്കിയ പ്രൊപ്പോസലിന് 29-11-2013-ലെ സ.ഉ. (സാധാ)നമ്പർ 1946/2013/ തൊഴിൽ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ചുവടെ ചേർത്തിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി.ഐ. കളിൽ ഏർപ്പെടുത്തുവാനാണ് ലക്ഷ്യം വയ്ക്കുന്നത്:

1. നിലവിലുള്ള ക്ലാസ് മുറികളും, വർക്ക്ഷോപ്പുകളും, ലാബുകളും അന്താരാഷ്ട്ര നിലവാരത്തിനനുയോജ്യമായ തരത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക.
2. ആധുനിക സാങ്കേതികവിദ്യയ്ക്ക് അനുസരിച്ചുള്ള പഠനോപകരണങ്ങൾ ലഭ്യമാക്കുക.
3. നിലവിലുള്ള ഇലക്ട്രിക്കൽ സംവിധാനം നവീകരിക്കുക.
4. ഭൗതിക സാഹചര്യങ്ങൾ (കുടിവെള്ള സംവിധാനം, വൃത്തിയുള്ള ടോയ് ലെറ്റ് സംവിധാനം, അഗ്നിശമന സംവിധാനം തുടങ്ങിയവ) മെച്ചപ്പെടുത്തുക.
5. പരിശീലനാർത്ഥികൾക്കും, ജീവനക്കാർക്കും ഹോസ്റ്റൽ/ക്വാർട്ടേഴ്സ് സംവിധാനം ഒരുക്കുക.
6. ഇൻസ്ട്രക്ടർമാരുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തൽ.
7. ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം നൽകൽ.
8. പ്രമുഖ വ്യവസായ സംരംഭങ്ങളുമായി ഒത്തുചേർന്ന്, പരിശീലനാർത്ഥികൾക്ക് മെച്ചപ്പെട്ട സാങ്കേതികവിദ്യയിൽ പരിശീലനം നൽകൽ (സിലബസിന് പുറമെ)
9. വ്യവസായങ്ങൾക്ക് ഉതകുന്ന തരത്തിൽ പുതിയ ട്രേഡുകൾ ആരംഭിക്കൽ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

10.ഐ.ടി.ഐ. കളുടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള Detailed Project Report (DPR) തയ്യാറാക്കിവരുന്നു.

ഹൗസ് പീലിംഗ് തൊഴിലാളികൾ

216 (4502) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഹൗസ് പീലിംഗ് തൊഴിലാളികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി സമഗ്രമായ ഒരു പീലിംഗ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഹൗസ് പീലിംഗ് തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖാന്തരം രജിസ്ട്രേഷൻ നിലവിലില്ല. ആലപ്പുഴ ജില്ലയിൽ ജില്ലാ ലേബർ ഓഫീസിന്റെ പരിധിയിൽ അമ്പലപ്പുഴ മണ്ഡലത്തിൽ അമ്പലപ്പുഴ തെക്ക്-വടക്ക്, പുന്നപ്ര തെക്ക്-വടക്ക്, പുറക്കാട് എന്നീ പഞ്ചായത്തുകളിലായി ഏകദേശം 4000 തൊഴിലാളികളും, ചേർത്തല മണ്ഡലത്തിൽ വയലാർ, കടക്കരപ്പള്ളി എന്നീ പഞ്ചായത്തുകളിലായി ഏകദേശം 1000 തൊഴിലാളികളും അരൂർ മണ്ഡലത്തിൽ കുത്തിയതോട്, അരൂർ, ഏഴുപുന്ന, പാണാവള്ളി, അരൂക്കുറ്റി എന്നീ പഞ്ചായത്തുകളിലായി ഏകദേശം 4000 തൊഴിലാളികളും പണിയെടുക്കുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

തടി മിൽ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരണം

217 (4503) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തടി മില്ലുകളിൽ ഇപ്പോൾ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്;

(ബി) കേരളത്തിലെ തടി മിൽ തൊഴിലാളികൾക്കുവേണ്ടി നിലവിൽ ക്ഷേമനിധി പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അവർക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കാൻ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly